പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3470 21.12.2012- ൽ മറുപടിയ്ക്ക്

## വിശപ്പ് രഹിത നഗരം പദ്ധതി

**ചോദ്യം**

**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**

**ശ്രീ. പി.സി. വിഷ്ണുനാഥ്**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിശപ്പുരഹിത നഗരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുന്നവരിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭക്ഷണം കഴിയ്ക്കാതെ വിശന്നിരിക്കുന്നവർക്ക് സൗജന്യമായി ഉച്ച ഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുള്ള രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഉച്ച ഭക്ഷണം നൽകുന്നതിന് പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുടെ നടത്തിപ്പിന് സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷന് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മെഡിക്കൽ കോളേജാശുപത്രികളുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത് ; വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് കോഴിക്കോട് കോർപ്പറേഷനിൽ 26.01.2009 മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മലപ്പുറം നഗരത്തിൽ 23.11.2012 മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽ 14.12.2012 -ന് പദ്ധതി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ 2013 ജനുവരി യിൽ പദ്ധതി ആരംഭിയ്ക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ? | (ഡി) | സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കാനാണു ദ്ദേശിക്കുന്നത്. |

R. Vijayan

സെക്ഷൻ ഓഫീസർ.